**<u>നം. ഇ2/9744/11/ആർ.സി</u>**

ജില്ലാ പോലീസ് കാര്യാലയം,

തൃശ്ശൂർ സിറ്റി, തീയ്യതി.   /08/2013.

## <u>ലേലപരസ്യം.</u>

തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതിയിലുള്ളതും തൃശ്ശൂർ ഡെപ്യൂട്ടി കമാണ്ടിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗ്യമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 03/10/2013 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയ പരിസരത്ത് വച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

| <u>ക്രമനം.</u> | <u>രജിസ്ട്രേഷൻ നമ്പർ</u> | <u>മോഡൽ</u> | <u>ഇനം</u> | <u>നിരതദ്രവ്യം</u> |
|---|---|---|---|---|
| 1. | KL- 01 M4555 | 1988 | അംബാസഡർ കാർ | Rs.3,500/- |
| 2. | KL- 08 L920 | 1988 | ഐഷർ ലോറി | Rs.7,500/- |
| 3. | KL- 01 D4212 | 1993 | അംബാസഡർ കാർ | Rs.1,200/- |

(ക്രമനം.3-ൻറെ ബോഡി ഒഴിച്ച് എൻജിൻ, ആക്സിൽ മുതലായ ഭാഗങ്ങൾ മാത്രം)

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ദർഘാസുകൾ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ, തപാൽ മാർഗ്ഗമോ 2013 ഒക്ടോബർ മാസം 1 തീയതി വൈകുന്നേരം 4 മണിക്ക് മുമ്പായി തൃശ്ശൂർ സിറ്റി, ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടത്തക്ക വിധം അയക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും,തൃശ്ശൂർ സിറ്റി, ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ "വാഹന ലേലത്തിനുള്ള ടെൻഡർ"എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേകം കവറുകളിൽ അയക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെൻഡറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെൻഡർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെൻഡർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള വിൽപ്പന നികുതിയും (13.5% Vat) അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.KL- 01 D4212 അംബാസഡർ കാറിൻറെ ബോഡി ഒഴിച്ച് മറ്റു ഭാഗങ്ങൽ ലേലം കൊണ്ടയാൾ എം.ടി.ഒ.യുടെ സാന്നിദ്ധ്യത്തിൽ സ്വന്തം ചിലവിൽ അഴിച്ചു കൊണ്ടുപോകേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുകളുടെ നിരതദ്രവ്യം

This is a digitally signed document and does not require signature

സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാവുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ (വാഹനം) ലേലത്തിനു മുൻപുള്ള പത്തു പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെയുള്ള പ്രവൃത്തി സമയങ്ങളിൽ തൃശ്ശൂർ സായുധസേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവെക്കുന്നകിനോ ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

**ജില്ലാ പോലീസ് മേധാവി,**
**തൃശ്ശൂർ സിറ്റി.**

പകർപ്പ് :- തൃശ്ശൂർ സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചരണത്തിന്.
,, എല്ലാ പോലീസ് മേധാവികൾക്കും/കമ്മീഷണർമാർക്കും/കമാണ്ടന്റുമാർക്കും
,, സംസ്ഥാന പോലീസ് മേധാവി, കേരളം(ഉപരിപത്ര സഹിതം),
,, പോലീസ് ഇൻസ്പെക്ടർ ജനറൽ, എസ് സി ആര് ബി, തിരുവനന്തപുരം (ഉപരിപത്ര സഹിതം).
,, സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം).
,, ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (ഉപരിപത്ര സഹിതം).
,, എല്ലാ സോണൽ അഡീ. പോലീസ് ഡയറക്ടർ ജനറൽമാർക്കും, പോലീസ് ഇൻസ്പെക്ടർ ജനറൽ , എ പി ബറ്റാലിയൻ, റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാർക്കും അറിവിലേക്കായി

This is a digitally signed document and does not require signature in ink.